പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 3450 | 15. 07.2015- ൽ മറുപടി<br>നല്കേണ്ടത്. |

## പഴം പച്ചക്കറി വിഭവങ്ങളിലെ വിഷാംശം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി. എ. അഹമ്മദ് കബീർ**<br>**" പി.കെ.ബഷീർ**<br>**" സി.മമ്മൂട്ടി**<br>**" എൻ .എ.നെല്ലിക്കുന്ന്** | | ശ്രീ. വി. എസ്. ശിവകമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തേയ്ക്ക് വരുന്ന പഴം പച്ചക്കറി വിഭവങ്ങളിലെ വിഷാംശം ഒഴിവാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് തമിഴ്നാട് അധികൃതരുമായി ചേർന്ന് നടത്തിയ നടപടികളുടെ വിശദവിവരം അറിയിക്കുമോ ; | എ) | തമിഴ്നാട് ഉൾപ്പെടെ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന പഴങ്ങളിലെയും പച്ച ക്കറികളിലെയും അമിതമായ കീടനാശിനിയുടെ ഉപയോഗം സംബന്ധിച്ച പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് നിയന്ത്രി ക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ചെയർപേഴ്സനായി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, വെള്ളായണി കാർഷിക കോളേജിലെ പ്രൊഫ.ഡോ.ബിജു തോമസ് മാത്യു, വാണിജ്യനികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ അംഗങ്ങളായ ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ടി ഉന്നതതലകമ്മിറ്റിയുടെ തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ ശ്രീ.കെ. അനിൽകുമാറിന്റെ നേതൃത്വത്തിൽ മൂന്നംഗ ഉദ്യോഗസ്ഥ സംഘം തമിഴ്നാട്ടിലെ കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടെ നേരിട്ട് സന്ദർശിച്ച് ടി ഉദ്യോഗസ്ഥരുടെ കൂടി സഹകരണത്തോടെ പ്രധാനപ്പെട്ട പച്ചക്കറി ഉൽപ്പാദന വിതരണമൊത്തക്കച്ചവട മേഖലകൾ നേരിട്ട് സന്ദർശിച്ച് ഇത് സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സർക്കാരിലേക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിൻമേൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സമഗ്രമായ ഒരു കർമ്മ പദ്ധതിക്ക് ഇതിനകം രൂപം കൊടുത്തിട്ടുള്ളതും ടി വിഷയത്തിന്റെ ഗൗരവവും ആശങ്കയും ഉൾക്കൊള്ളിച്ചുകൊണ്ട് |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് ഇതിനകം കത്ത് നൽകിയിട്ടുണ്ട്. കൂടാതെ സെക്രട്ടറിതല ചർച്ച നടത്തുവാനും ഇതിനകം തീരുമാനിച്ചിട്ടുണ്ട്. |
| ബി) | തദ്ദേശഉപയോഗത്തിനും, കേരളത്തിലേക്ക് അയയ്ക്കാനുംവെവ്വേറെ കാർഷിക വിഭവങ്ങളാണ് തമിഴ്നാട്ടിൽ ഉൽപാദിപ്പിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) | അത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച ഏതെങ്കിലും തരത്തിലുള്ള തെളിവ് ലഭിച്ചിട്ടില്ല. |
| സി) | മല്ലി,മുളക്, ജീരകം ഉടങ്ങിയവയിൽ നിന്നും സത്ത് നീക്കിയശേഷം ചണ്ടി പ്രോസസ് ചെയ്ത് സംസ്ഥാനത്ത് വിൽപന നടത്തുന്നകാര്യം അറിവുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | സി) | അത്തരത്തിലുള്ള പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ച് തുടർ നടപടി സ്വീകരിക്കുവാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ